"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - പാലക്കാട് ജില്ലയിലെ കിണാവല്ലൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി.മാരായ ശ്രീമതി. ജയശ്രീ കെ.എം., ശ്രീ. സ്വാലിഹ് കെ.എ. എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) NO.34856/2025-ൽ 22/09/2025 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.5106/2026/GEDN** തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. കിണാവല്ലൂർ എ.എൽ.പി. സ്കൂൾ എൽ.പി.എസ്.ടി. ശ്രീമതി. ജയശ്രീ കെ.എം. സർക്കാർ മുൻപാകെ സമർപ്പിച്ച 20/08/2025 തീയതി പുന:പരിശോധന ഹർജി (Exbt P8).
2. കിണാവല്ലൂർ എ.എൽ.പി. സ്കൂൾ എൽ.പി.എസ്.ടി. ശ്രീ. സ്വാലിഹ് കെ.എ. സർക്കാർ മുൻപാകെ സമർപ്പിച്ച 20/08/2025 തീയതി പുന:പരിശോധന ഹർജി (Exbt P9).
3. WP(C)NO.34856/2025-ലെ ബഹു. ഹൈക്കോടതിയുടെ 22/09/2025 തീയതിയിലെ വിധിന്യായം.
4. പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/01/2026 തീയതിയിലെ എ.ഇ.ഒ.പി.ആർ.എൽ./09/2026/ഡി നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/01/2026 തീയതിയിലെ DGE/484/2026-G1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കിണാവല്ലൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. മാരായ ശ്രീമതി. ജയശ്രീ കെ.എം., ശ്രീ. സ്വാലിഹ് കെ.എ. എന്നിവർ ചേർന്ന് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP (C) NO.34856/2025 ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായത്തിൽ, ടി കക്ഷികൾ സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുള്ള പരാമർശം (1), (2) പുന:പരിശോധന ഹർജികളിന്മേൽ ഹർജിക്കാരെയും ബന്ധപ്പെട്ട കക്ഷികളെയും നാല് മാസത്തിനകം കേൾക്കുന്നതിനും തീരുമാനം കൈക്കൊള്ളുന്നതിനും കോടതി ഉത്തരവായിരുന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ 16/01/2026 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന അനുവദിച്ച ഹിയറിങ്ങിൽ ഹർജിക്കാർ, പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

2. **ശ്രീമതി. ജയശ്രീ കെ.എം. സമർപ്പിച്ച എക്സി. P8 പുന:പരിശോധന ഹർജിയിലെ അപേക്ഷ ഇപ്രകാരമായിരുന്നു :**

ശ്രീമതി. ജയശ്രീയുടെ നിയമനം നിയമനതീയതിയായ 9.6.2023 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ 30.1.2024 ഉത്തരവു പ്രകാരം പറളി ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ അംഗീകരിച്ചു. 2023-ലും 2024-ലും റഗുലർ തസ്തിക അനുവദിക്കുവാൻ മതിയായ കുട്ടികൾ ഇല്ല. ഹർജിക്കാരിയെ 3.6.2024 മുതൽ എൽ.പി.എസ്.ടി ആയി വീണ്ടും നിയമിക്കുകയും ടി നിയമനം പറളി ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തു. 2025-2026-ൽ ഹർജിക്കാരിയെ 2.6.2025 മുതൽ വീണ്ടും റഗുലർ തസ്തികയിൽ നിയമിച്ചു. ആയത് നാളിതു വരെയായി പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്തിട്ടില്ല. സ്കൂളിൽ ഹർജിക്കാരിക്ക് നിയമനാംഗീകാരം ലഭ്യമാക്കുന്നതിനുള്ള മതിയായ കുട്ടികൾ ലഭ്യമാണെന്ന് കണ്ടെത്തിയതിനാലാണ് തസ്തിക അനുവദിച്ചത്. 2025-2026 - ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരി ലഭ്യമാക്കിയിട്ടുണ്ട്.

ഹർജിക്കാരിയുടെ സ്ഥാപനം uneconomic വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ നിയമന തീയതി മുതൽ റഗുലർ പേ ഓഫ് സ്കെയിലിൽ ശമ്പളം അനുവദിക്കേണ്ടതാണ്. എന്നാൽ, ആയത് സംബന്ധിച്ച് നാളിതുവരെ യാതൊരു ഉത്തരവും പറളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചിട്ടില്ല. ആയതിനാലാണ് സർക്കാരിലേക്ക് റിവിഷൻ ഹർജി സമർപ്പിക്കുവാൻ ഇടയായിട്ടുള്ളത്. 2025-26 അധ്യയന വർഷത്തിലെ കുട്ടികളുടെ എണ്ണം സ്പഷ്ടീകരിച്ചിട്ടുണ്ട്. ആയതിനാൽ, നിയമന തീയതിയായ 02/06/2025 മുതൽ റഗുലർ പേ ഓഫ് സ്കെയിലിൽ ശമ്പളം അനുവദിക്കുന്നതിന് തടസ്സങ്ങൾ ഇല്ല.

ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഹർജിക്കാരിക്കു നിയമനതീയതി മുതൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭ്യമാക്കണമെന്നാണ് ഹർജിക്കാരിയുടെ അപേക്ഷ.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും യാഥാർത്ഥ്യങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാരിയുടെ 2.6.2025 മുതലുള്ള എൽ.പി.എസ്.ടി ആയിട്ടുള്ള നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

3. **ശ്രീ. സ്വാലിഹ് കെ.എ. സമർപ്പിച്ച എക്സി. P9 പുന:പരിശോധന ഹർജിയിലെ അപേക്ഷ ഇപ്രകാരമായിരുന്നു :**

ശ്രീ.സ്വാലിഹ്-നെ പാലക്കാട് ജില്ലയിലുള്ള പറളി ഉപജില്ലയിലെ കിണാവല്ലൂർ സ്കൂളിൽ 1.6.2022 മുതൽ എൽ.പി.എസ്.ടി ആയി നിയമിക്കുകയും ഹർജിക്കാരന്റെ നിയമനം 8.8.2023-ലെ ഉത്തരവു പ്രകാരം നിയമന തീയതിയായ 1.6.2022 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ പറളി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തു. ഭിന്നശേഷി സംവരണ നിയമനം സംബന്ധിച്ചുള്ള തടസ്സവാദങ്ങളാണ് റഗുലർ സ്കെയിൽ ഓഫ് പേയിൽ നിയമനാംഗീകാരം ലഭ്യമാകാതിരിക്കുന്നതിനുള്ള കാരണമായി പറയുന്നത്.

ഭിന്നശേഷി സംവരണം സംബന്ധിച്ച് മാനേജർ റോസ്റ്റർ തയ്യാറാക്കി കാക്കനാട് എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിച്ചിട്ടുണ്ട്.

8.11.2021 വരെയുള്ള നിയമനം റഗുലർ സ്കെയിലിൽ അംഗീകരിക്കുന്നതിന് ഉത്തരവായിട്ടുള്ളതാകുന്നു. തുടർന്നുള്ള നിയമനത്തിന് ഭിന്നശേഷി സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥി അല്ലാത്ത സാഹചര്യത്തിൽ തസ്തികയിൽ നിയമിക്കപ്പെട്ട ഹർജിക്കാരന്റെ നിയമനം നിയമന തീയതി മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

കിണാവല്ലൂർ എ.എൽ.പി സ്കൂളിന്റെ 2025-26 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്കൂളിന്റെ status economic ആണെന്നും തൻ വർഷം സ്കൂളിൽ ഒരു ഹെഡ്മാസ്റ്റർ തസ്തികയും മൂന്ന എൽ.പി.എസ്.ടി. തസ്തികകളും അനുവദിച്ചിട്ടുണ്ടെന്നും എൽ.പി.എസ്.ടി. തസ്തികയിലുള്ള മൂന്ന് അധ്യാപകരും ദിവസവേതന അടിസ്ഥാനത്തിലാണ് തുടരുന്നതെന്നും ഹെഡ്മിസ്ട്രസ് ഈ വർഷം വിരമിക്കുന്നതിലൂടെ PEN ഉള്ള ഒരദ്ധ്യാപികയും സ്കൂളിൽ ലഭ്യമാകാതെ വരുമ്പോൾ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള ചെലവ് കണ്ടെത്തൽ, ഡെയിലി വേജസ് ബിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവ സംജാതമാകുന്നതാണെന്നും ഭിന്നശേഷി ഉദ്യോഗാർഥിക്കായി മാനേജർ കാക്കനാട് എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചിൽ അപേക്ഷ സമർപ്പിച്ചിട്ടും ലഭ്യമായില്ലെന്നും ആയതിനാൽ 2026-27-ൽ ലഭ്യമാകുന്ന എൽ.പി.എസ്.ടി. ഒഴിവു ഭിന്നശേഷി നിയമനത്തിനായി നീക്കിവയ്ക്കാവുന്നതാണെന്ന മാനേജരുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ നിലവിൽ ദിവസവേതനത്തിൽ പ്രവർത്തിയെടുത്തുവരുന്ന ശ്രീ. സ്വാലിഹ്, ശ്രീമതി. ജയശ്രീ എന്നിവരുടെ നിയമനം റെഗുലർ അടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകണമെന്നതാണ് അപേക്ഷകരുടെ ആവശ്യം.

**4. ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

കിണാവല്ലൂർ എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി. കെ.കെ. പ്രേമ 31.5.2022-ന് വിരമിച്ച ഒഴിവിൽ 01/06/2022 മുതൽ ശ്രീ. കെ.എ. സ്വാലിഹ്-നെ പ്രസ്തുത സ്കൂൾ മാനേജർ എൽ.പി.എസ്.ടി തസ്തികയിൽ ശമ്പളസ്കെയിലിൽ നിയമിച്ച് നിയമന പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. വ്യവസ്ഥാപിതമായ ഒഴിവിലാണ് നിയമനം. ശ്രീ. കെ.എ. സ്വാലിഹ് എൽ.പി.എസ്.ടി തസ്തികയ്ക്ക് ആവശ്യമായ SSLC, Plus Two, D.El.Ed, K-Tet (category-1) എന്നീ യോഗ്യതകൾ നേടിയിട്ടുണ്ട്.

മാനേജർ സമന്വയയിൽ റോസ്റ്റർ തയ്യാറാക്കി സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള റിക്വിസിഷൻ ഫോം, കൈപ്പറ്റ് രസീത് എന്നിവ 11.7.2023 തീയതിയിൽ സമന്വയ മുഖാന്തിരം സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതു പ്രകാരം പ്രൈമറി കാറ്റഗറിയിലെ എൽ.പി.എസ്.ടി ഒഴിവിലേക്ക് (retirement) ഭിന്നശേഷി ഉദ്യോഗാർത്ഥിയെ സംവരണത്തിനായി ആവശ്യപ്പെട്ട് അർത്ഥനാപത്രം നൽകിയതായി കാണുന്നു. ശ്രീ. സ്വാലിഹ് നിയമിക്കപ്പെട്ട തസ്തികയാണ് മാനേജർ ഭിന്നശേഷി നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ, കിണാവല്ലൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി ശ്രീമതി.കെ.കെ പ്രേമ 31.5.2022-ന് വിരമിച്ച ഒഴിവിൽ 1.6.2022 മുതൽ മാനേജർ നിയമിച്ച ശ്രീ.കെ.എ.സ്വാലിഹ്-ന്റെ നിയമനം 1.6.2022 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെയായി പരിമിതപ്പെടുത്തി താൽക്കാലികമായി ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയിരുന്നു. കിണാവല്ലൂർ ALPS -ലെ അദ്ധ്യാപിക ശ്രീമതി. ഉദയ 31/3/23-ൽ വിരമിച്ച ഒഴിവിൽ 3/6/24 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. ജയശ്രീയുടെ നിയമനവും 8/11/2021-നു ശേഷമുള്ള നിയമനമാകയാൽ ഭിന്നശേഷി സംവരണനിയമനം പാലിക്കപ്പെട്ടിട്ടില്ലെന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്രമം പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകിയിരുന്നു.

കിണാവല്ലൂർ എ.എൽ.പി. സ്കൂളിൽ 2023-24 അധ്യയന വർഷം മാത്രമേ 60 കുട്ടികൾ ഉണ്ടായിരുന്നുള്ളൂയെന്നും തുടർന്ന് കുട്ടികളുടെ എണ്ണം കുറയുകയാണുണ്ടായതെന്നും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശനവേളയിലും മതിയായ കുട്ടികൾ ലഭ്യമായിരുന്നില്ലെന്നും ആയതിനാൽ അപേക്ഷകരുടെ ആവശ്യം പരിഗണിക്കുവാൻ നിർവാഹമില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. ഹർജിക്കാരുടെ അപേക്ഷ, വിദ്യാഭ്യാസ ഓഫീസർമാർ ഈ വിഷയത്തിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്, ഹിയറിങ് സമയത്തെ വാദം, കെ.ഇ.ആർ വ്യവസ്ഥകൾ, നിലവിലെ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു.

സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അദ്ധ്യാപക അനദ്ധ്യാപക നിയമനാംഗീകാരം സംബന്ധിച്ച് പുറപ്പെടുവിച്ച 24/3/23-ലെ G.O(Ms) No. 29/23/G.Edn പ്രകാരം 8/11/21-നു ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ അവരുടെ നിയമന തീയതി മുതൽ റെഗുലറായി ക്രമീകരിക്കേണ്ടതുമാണെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു.

18/2/26-ലെ G.O(Ms) No 31/26/G.Edn പ്രകാരം എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ ഒഴിവുകൾ മാറ്റിവച്ചിട്ടുള്ള മാനേജ്മെന്റുകളിൽ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ടു താത്കാലികമായി (പ്രൊവിഷണലായി, ശമ്പള സ്കെയിലിൽ, ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമവിധിക്കു വിധേയമായി മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ നിർദേശം നൽകിയിട്ടുണ്ട്. ഇവിടെ ശ്രീ. സ്വാലിഹിനെ നിയമിച്ചിരിക്കുന്ന തസ്തികയാണ് മാനേജർ ഭിന്നശേഷി സംവരണത്തിനായി നീക്കിവച്ചുകൊണ്ടു 11.7.2023-ൽ വിവരം സമന്വയയിൽ ചേർത്തിരിക്കുന്നത്. 2023-24 അധ്യയന വർഷത്തിൽ മാത്രമാണ് സ്കൂൾ economic ആയി കണക്കാക്കുന്നതിനു മതിയായ കുട്ടികൾ (60 കുട്ടികൾ) ലഭ്യമായിരുന്നത് എന്നും തുടർന്ന് economic ആയിട്ടില്ലെന്നും വിദ്യാഭ്യാസ

ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ സന്ദർശന വേളയിലും മതിയായ കുട്ടികൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കിണാവല്ലൂർ എ.എൽ.പി. സ്കൂളിൽ നിലവിലുള്ള മൂന്ന് അധ്യാപകരും ദിവസവേതനാടിസ്ഥാനത്തിലാണ് തുടരുന്നതെന്നും ഹെഡ്മിസ്ട്രസ് ഈ വർഷം വിരമിക്കുന്നതിലൂടെ PEN ഉള്ള ഒരദ്ധ്യാപികയും സ്കൂളിൽ ലഭ്യമാകാതെ വരികയും ചെയ്യുമെന്നതിനാൽ ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകാനുള്ള ചെലവ് കണ്ടെത്തൽ, ദിവസവേതന ബിൽ ലഭിക്കാനുള്ള കാലതാമസം, സ്കൂളിന്റെ നിലനിൽപ്പ്, അഡ്മിഷൻ തുടങ്ങിയവയിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് ഹർജിക്കാർ ഹിയറിംഗ് സമയത്ത് ബോധിപ്പിക്കുകയുണ്ടായി. ഭിന്നശേഷി സംവരണം സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ പാലിക്കുന്നത് വരെ 08/11/2021 ന് ശേഷമുള്ള നിയമനങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രമേ സാധ്യമാകൂ. എന്നാൽ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ 02/05/2023 തീയതിയിലെ സ.ഉ.(കൈ) നം.51/2023/പൊ.വി.വ. ഉത്തരവ് പ്രകാരം റഗുലർ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിക്കേണ്ടതില്ല. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ റഗുലർ ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് തുടർച്ചയായ (Form 27 ൽ - onwards appointment) നിയമനമാണ് മാനേജർ നൽകേണ്ടത്. എന്നാൽ, ടി അദ്ധ്യാപകർക്ക് നിയമന തീയതി മുതൽ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ആയിരിക്കണം വിദ്യാഭ്യാസ ഓഫീസർമാർ നിയമനാംഗീകാരം നൽകേണ്ടത്. മതിയായ എണ്ണം കുട്ടികളാകുന്ന വർഷം മുതൽ മാത്രമേ ഇത്തരം വിദ്യാലയങ്ങളിൽ ഭിന്നശേഷി സംവരണം ബാധകമാകൂ. ആയതിനാൽ എൽ.പി.എസ്.ടി. യായ ശ്രീമതി ജയശ്രീ കെ. എം. ന് നിയമനത്തീയതി മുതൽ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകിയ നടപടി ക്രമപ്രകാരമാണ്.

എന്നാൽ, ശ്രീ സ്വാലിഹിനെ നിയമിച്ചത് 01/06/2022 മുതലാണ്. ടി വർഷം മതിയായ എണ്ണം കുട്ടികളുള്ള സ്കൂളായിരുന്നു എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. അപ്രകാരമെങ്കിൽ ശ്രീ. സ്വാലിഹിന്റെ നിയമനത്തിന് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ബാധകമാണ്. മേൽ സാഹചര്യത്തിലാണ് ടിയാൾക്ക് 01/06/2022 മുതൽ ഭിന്നശേഷി സംവരണം സംബന്ധിച്ച നിയമങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ നിയമനാംഗീകാരം നൽകിയിട്ടുള്ളതെന്ന് കാണുന്നു. കൂടാതെ, ശ്രീ. സ്വാലിഹ് കെ. എ. യെ നിയമിച്ചിരിക്കുന്ന തസ്തികയാണ് മാനേജർ ഭിന്നശേഷി ഉദ്യോഗാർത്ഥിക്കായി നീക്കി വെച്ചിട്ടുള്ളതെന്നും കാണുന്നു. കൂടാതെ, ടി അദ്ധ്യാപകന് ശ്രീമതി. കെ. കെ. പ്രേമ 31/05/2022-ന് വിരമിച്ച ഒഴിവിലേക്കാണ് 01/06/2022 മുതൽ ദിവസ വേതനത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതുവരെ അനുമതി നൽകിയിട്ടുള്ളത്. 11/05/2025-ലെ ജെഎൻ1/502/പൊവിവ ഉത്തരവ് പ്രകാരം ഇപ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് അവർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത കാലയളവ് മുൻകാല പ്രാബല്യത്തിൽ റഗുലറൈസ് ചെയ്യുന്നതിനോ അതിനനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനോ യാതൊരു വിധ അവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ല. മേൽ സാഹചര്യത്തിൽ, ഭിന്ന ശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകൾ പാലിക്കാത്തതിനാൽ 01/06/2022 മുതൽ നിയമിച്ച ശ്രീ. സ്വാലിഹ് കെ. എ. യുടെ നിയമനം

സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ചു നൽകുവാൻ കഴിയില്ല.

6. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ പറളി വിദ്യാഭ്യാസ ഉപജില്ലയുടെ കീഴിൽ കിണാവല്ലൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ജയശ്രീ കെ.എം., ഹർജിക്കാരിയുടെ 02/06/2025 മുതലുള്ള എൽ.പി.എസ്.ടി ആയിട്ടുള്ള നിയമനം ശമ്പള സ്കെയിലിൽ അനുവദിക്കണമെന്നു കാണിച്ച് സർക്കാർ മുൻപാകെ സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർജിയിലെ അപേക്ഷ, എൽ.പി.എസ്.ടി. ശ്രീ. സ്വാലിഹ് കെ.എ. യുടെ നിയമനം നിയമന തീയതി മുതൽ അംഗീകരിച്ച് ഉത്തരവാകണമെന്ന പരാമർശം (2) പുന:പരിശോധന ഹർജിയിലെ അപേക്ഷ എന്നിവ നിരസിച്ചുകൊണ്ട്, അപ്രകാരം WP (C) No. 34856/2025-ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജഗതി, തിരുവനന്തപുരം - 695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പറളി, പാലക്കാട് - 678 612.
മാനേജർ, എ.എൽ.പി. സ്കൂൾ, കിണാവല്ലൂർ, പാലക്കാട് - 678 612.
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA1/214/2026-G.EDN , തീയതി 18/05/2026).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ (ബി3/278/2025-പൊവിവ).

ഉത്തരവിൻ പ്രകാരം
Digitally signed by
Ragasmitha V M
Date: 30-07-2026
14:39:41
സെക്ഷൻ ഓഫീസർ